# എച്ച്ഡിഎഫ്സി ബാങ്ക് എഫ്ഡി- പലിശ കണക്കാക്കുന്ന വിധം

ഒരു വർഷം യഥാർത്ഥത്തിൽ ഉള്ള ദിവസങ്ങളുടെ എണ്ണം അനുസരിച്ച് ആണ് ഞങ്ങൾ പലിശ കണക്കാക്കുന്നത്. 366 ദിവസമുള്ള അധിവർഷവും (ലീപ് ഇയർ) 365 ദിവസമുള്ള സാധാരണ വർഷവുമായി കലർന്നാണ് ഡിപ്പോസിറ്റ് കിടക്കുന്നതെങ്കിൽ ദിവസങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പലിശ കണക്കാക്കും. അതായത് അധിവർഷത്തിൽ 366 ദിവസവും സാധാരണ വർഷങ്ങളിൽ 365 ദിവസവും.

**ഉദാഹരണം**

| **വർഷത്തിൽ ഉള്ള ദിവസം 365** | **വർഷത്തിൽ ഉള്ള ദിവസം 366 (ലീപ് വർഷം)** |
|---|---|
| എഫ്ഡി മുതൽ- 100000 | എഫ്ഡി മുതൽ- 100000 |
| എഫ്ഡി തുടക്കത്തീയതി- 01-01-2010 | എഫ്ഡി തുടക്കത്തീയതി- 01-01-2012 |
| പലിശ നിരക്ക്- 8.00% | പലിശ നിരക്ക്-8.00% |
| എഫ്ഡി കാലം - 150 ദിവസം | എഫ്ഡി കാലം - 150 ദിവസം |
| എഫ്ഡി കാലാവധിത്തീയതി - 31-05-2010 | എഫ്ഡി കാലാവധിത്തീയതി - 30-05-2012 |
| നൽകിയ പലിശ - 100000*150*8% / 365=3287.67/- | നൽകിയ പലിശ - 100000*150*8% / 366=3278.69/- |

---

## സ്ഥിര നിക്ഷേപങ്ങൾ (ഫിക്സ്ഡ് ഡിപ്പോസിറ്റ്) കാലാവധി എത്തും മുൻപേ അവസാനിപ്പിക്കുമ്പോൾ ഉള്ള പിഴ

ബാങ്കിന്റെ സ്ഥിര നിക്ഷേപ അക്കൗണ്ടുകളുടെ നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ച് സ്വീപ്-ഇൻ ഉം ഭാഗികമായി അവസാനിപ്പിക്കലും ഉൾപ്പെടെ ഫിക്സ്ഡ് ഡിപ്പോസിറ്റുകൾ കാലാവധി എത്തും മുൻപേ അവസാനിപ്പിക്കുമ്പോൾ ഉള്ള പിഴ ബാങ്ക് 1% ആയി ആണ് നിജപ്പെടുത്തിയിട്ടുള്ളത്. ഇത് 24 ജനുവരി 2011 മുതൽ പ്രാബല്യത്തിൽ ബാധകമായിരിക്കും

---

## സേവിംഗ്സ് അക്കൗണ്ടിന്റെ പലിശ നിരക്കിൽ മാറ്റം

- സേവിംഗ്സ് ബാങ്ക് അക്കൗണ്ടിനുള്ള പലിശ പ്ര.വ. 4% നിരക്കിൽ നൽകുന്നു.
- ഓരോ ദിവസത്തിന്റെയും അവസാനം അക്കൗണ്ടിലുള്ള നീക്കിയിരുപ്പിന്റെ (ബാലൻസ്) അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.



എച്ച്ഡിഎഫ്സി ബാങ്ക്
നിങ്ങളുടെ ലോകം ഞങ്ങൾ മനസ്സിലാക്കുന്നു